

# ഖുർആൻ ബോധനം

ഖുർആൻ ആവർത്തിച്ചു ചൂണ്ടിക്കാണിക്കുന്ന പ്രാപഞ്ചിക പ്രതിഭാസമാണ് മാറിവരുന്ന രാപ്പകലുകൾ. പ്രപഞ്ച സ്രഷ്ടാവിനെയും അവന്റെ സൃഷ്ടി വൈഭവത്തെയും അതിന്റെ ലക്ഷ്യോന്മുഖതയെയും വ്യക്തമാക്കുന്ന ഏറ്റം മികച്ചതും പ്രകടവുമായ ദൃഷ്ടാന്തവുമാണത്. പക്ഷേ നിത്യപരിചയം മൂലം മഹത്തായ ഈ ദൃഷ്ടാന്തത്തെ അർഹിക്കുന്ന ഗൗരവത്തോടെ കാണാൻ മനുഷ്യർ ശ്രദ്ധിക്കാറില്ല.

▸ എ.വൈ.ആർ

### സൂറ – 22

## അൽഹജ്ജ്

ذَٰلِكَ بِأَنَّ ٱللَّهَ يُولِجُ ٱلَّيۡلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيۡلِ وَأَنَّ ٱللَّهَ
سَمِيعُۢ بَصِيرٌ ﴿٦١﴾

**61.** അതെന്തുകൊണ്ടെന്നാൽ അല്ലാഹു രാവിനെ പകലിൽ കോർക്കുന്നു. പകലിനെ രാവിലും കോർക്കുന്നു. എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ് അല്ലാഹു.

**61**

ذَٰلِكَ = അത്   بِأَنَّ ٱللَّهَ = എന്തുകൊണ്ടെന്നാൽ അല്ലാഹു   يُولِجُ ٱلَّيۡلَ فِى ٱلنَّهَارِ = രാവിനെ പകലിൽ കോർക്കുന്നു

وَيُولِجُ ٱلنَّهَارَ فِى ٱلَّيۡلِ = പകലിനെ രാവിലും കോർക്കുന്നു

وَأَنَّ ٱللَّهَ سَمِيعُۢ بَصِيرٌ = അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു

മുൻ സൂക്തങ്ങളിലെന്ന പോലെ ഇവിടെയും ذَٰلِكَ (അത്) എന്ന പദം സൂചിപ്പിക്കുന്നത് മുമ്പ് പറഞ്ഞ എല്ലാ കാര്യങ്ങളുമാണ്. അതായത് സത്യാസത്യ സംഘട്ടനം, താൽക്കാലികമായി സംഭവിക്കുന്ന ധർമഗ്ലാനി, തുടർന്നുണ്ടാകുന്ന ധർമോദയം, പ്രവാചകന്മാരുടെ പ്രബോധനം, അവർക്കെതിരെ ചെകുത്താന്മാരുടെ പ്രതിലോമ പ്രവർത്തനങ്ങൾ, ജനതകളുടെ ഉത്ഥാനവും വിനാശവും, ധർമ പ്രബോധകരുടെ പീഡാനുഭവങ്ങൾ, അധർമികളുടെ വിജയം, പരാജയം, മനുഷ്യരുടെ സുഖദുഃഖങ്ങൾ. ഇതിന്റെയെല്ലാം ന്യായവും നിമിത്തവും ചൂണ്ടിക്കാണിക്കുകയാണ്. വൈരുധ്യങ്ങളുടെ സങ്കലനവും പരസ്പര പ്രവർത്തനവും സൃഷ്ടിപ്രപഞ്ചത്തിന് അല്ലാഹു നിശ്ചയിച്ച പ്രകൃതിയാണ്. രാവും പകലും ഇരുട്ടും വെളിച്ചവും വസന്തവും ശിശിരവും വരൾച്ചയും വർഷവും സുഖവും ദുഃഖവുമെല്ലാം കൂടിക്കലർന്ന് പരസ്പരം പ്രവർത്തിച്ചുകൊണ്ടാണ് ഈ പ്രപഞ്ചം നിലനിൽക്കുന്നത്. അതിന്റെ ഏറ്റം പ്രകടമായ ഉദാഹരണമാണ് രാപ്പകലുകൾ. രാവിന്റെ വിപരീതമാണ് പകൽ. ജൈവഭൂമിയുടെ നിലനിൽപിന് ഇത് രണ്ടും കൂടിയേ തീരൂ. രാവണഞ്ഞാൽ എല്ലാം അന്ധകാരത്തിന്റെ മൂടുപടത്താൽ മൂടപ്പെടുന്നു. പക്ഷേ നിശ്ചിത സമയത്തിനു ശേഷം ഉഷസ്സുണർന്ന് വെളിച്ചം പരത്തുമ്പോൾ അന്ധകാരത്തിന്റെ മൂടുപടം തിരോധാനം ചെയ്യുന്നു. വെളിച്ചവും സ്ഥിരമല്ല. നിശ്ചിത സമയമാകുമ്പോൾ അന്ധകാരം വീണ്ടും പകലിനെ വിഴുങ്ങുന്നു. രാപ്പകലുകളുടെ നിരന്തരമായ ഈ മാറ്റം അന്ധമോ അനാസൂത്രിതമോ അല്ല. തികച്ചും യുക്തിപൂർണവും വ്യവസ്ഥാപിതവുമാണ്. അതാണ് ഭൂമിയുടെ ജൈവികത സംരക്ഷിക്കുന്നത്. സ്ഥിരമായ രാത്രിയോ സ്ഥിരമായ പകലോ അനുഭവിക്കുന്ന ഭൂമി ജീവ യോഗ്യമായിരിക്കുകയില്ല. അല്ലാഹു യുക്തിയുക്തവും കണിശവുമായ വ്യവസ്ഥകളോടെയാണീ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. അവൻ എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്. പ്രവാചകന്മാരുടെ പ്രബോധനവും അവൻ കേൾക്കുന്നു. ചെകുത്താന്മാരുടെ പ്രതിലോമ പ്രവർത്തനങ്ങൾ കാണുകയും ചെയ്യുന്നു. സത്യവിശ്വാസികളുടെ ആവലാതികളും സഹായാർഥനയും കേൾക്കുന്നു. ഒപ്പം സത്യനിഷേധികളുടെ പോർവിളികളും. സത്യവിശ്വാസികളുടെ സൽകർമങ്ങളും സത്യനിഷേധികളുടെ കുചേഷ്ടിതങ്ങളും കണ്ടുകൊണ്ടിരിക്കുന്നു. ഇടപെടേണ്ട സമയത്ത് അതിലൊക്കെ അവൻ ഇടപെടുക തന്നെ ചെയ്യും. സത്യനിഷേധികൾ താൽക്കാലിക നേട്ടങ്ങളെ ശാശ്വത വിജയങ്ങളായി അഹങ്കരിക്കുന്നതുപോലെ സത്യപ്രബോധകർ അവരുടെ താൽക്കാലിക പ്രതിസന്ധികളെ നിത്യദുരിതമായി തെറ്റിദ്ധരിച്ചു കൂടാ. അല്ലാഹു ഒരുനാൾ ഈ ലോകത്തുനിന്ന് അസത്യത്തിന്റെ കൂരിരുട്ട് തുടച്ചുമാറ്റി സത്യത്തിന്റെ പ്രകാശം പരത്തുമെന്നുറപ്പിച്ചുകൊള്ളുക.

ഖുർആൻ ആവർത്തിച്ചു ചൂണ്ടിക്കാണിക്കുന്ന പ്രാപ

ഞ്ചിക പ്രതിഭാസമാണ് മാറിവരുന്ന രാപ്പകലുകൾ. പ്രപഞ്ച സ്രഷ്ടാവിനെയും അവന്റെ സൃഷ്ടി വൈഭവത്തെയും അതിന്റെ ലക്ഷ്യോന്മുഖതയെയും വ്യക്തമാക്കുന്ന ഏറ്റം മികച്ചതും പ്രകടവുമായ ദൃഷ്ടാന്തവുമാണത്. പക്ഷേ നിത്യപരിചയം മൂലം മഹത്തായ ഈ ദൃഷ്ടാന്തത്തെ അർഹിക്കുന്ന ഗൗരവത്തോടെ കാണാൻ മനുഷ്യർ ശ്രദ്ധിക്കാറില്ല. ജീവിക്കുന്ന മനുഷ്യൻ ഓരോ നിമിഷവും നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ പ്രതിഭാസത്തെ കുറിച്ച് ആഴത്തിൽ ചിന്തിക്കുന്നവർക്ക് അല്ലാഹുവിനെയും അവന്റെ കഴിവുകളെയും തിരിച്ചറിയാൻ അതു തന്നെ മതിയായ ദൃഷ്ടാന്തമാകുന്നു.

മൂലത്തിലെ يُولِجُ-ന്റെ മൗലികമായ അർഥം ഒരു വസ്തുവിനെ മറ്റൊരു വസ്തുവിന്റെ ഉള്ളിൽ കടത്തുന്നു എന്നാണ്. പകലിനെ രാവിലും രാവിനെ പകലിലും കോർത്തുകൊണ്ട് കാലചക്രം കറക്കുന്നു എന്ന അർഥത്തിലാണ് يُولِجُ ٱلَّيۡلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيۡلِ എന്ന വാക്യം പൊതുവിൽ മനസ്സിലാക്കപ്പെടുന്നത്. ചില വ്യാഖ്യാതാക്കൾ രാവിന്റെ ഒരംശം പകലിലും പകലിന്റെ അംശം രാവിലും ചേർക്കുന്നു എന്നാണർഥം കൽപിക്കുന്നത്. അതായത്, സാധാരണ ഗതിയിൽ രാപ്പകലുകൾ തുല്യമാണെങ്കിലും ചിലപ്പോൾ അല്ലാഹു രാവിന്റെ കുറച്ചു ഭാഗം പകലിലും പകലിന്റെ കുറച്ചു ഭാഗം രാവിലും ചേർത്തുകൊണ്ട് രാപ്പകലുകളുടെ സമയ പരിമാണത്തിൽ വ്യത്യാസം വരുത്തുന്നു എന്നർഥം. ഈ വ്യത്യാസങ്ങൾ അവന്റെ കണിശമായ ആസൂത്രണത്തിന്റെയും വ്യവസ്ഥയുടെയും ഭാഗമാണ്. പ്രപഞ്ചത്തിന്റെ സുഗമമായ പ്രവർത്തനത്തിൽ അതിനും പങ്കുണ്ട്. സത്യാസത്യ സംഘട്ടനത്തിലെ താൽക്കാലിക ജയ പരാജയങ്ങളും ഇങ്ങനെയാണ്. ഈ ലോകത്ത് فساد (നാശം) പരത്തുന്നവർക്കെതിരെ അല്ലാഹു അതിനെ സംസ്കരിക്കുന്നവരെ- مصلحون -സഹായിക്കേണ്ടതാവശ്യമാണ്. രാവിനു ശേഷം പകലിനെ ഉളവാക്കാൻ അവനുള്ള കഴിവ് ഓരോ വ്യക്തിയും നേരിൽ കണ്ടു കൊണ്ടിരിക്കുകയാണല്ലോ. നിഷേധത്തിന്റെ ഇരുട്ടിനു ശേഷം വിശ്വാസത്തിന്റെ വെളിച്ചമുളവാക്കാനും അല്ലാഹുവിന് ഒരു പ്രയാസവുമില്ല. ■

---

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلۡحَقُّ وَأَنَّ مَا يَدۡعُونَ مِن دُونِهِۦ هُوَ ٱلۡبَٰطِلُ وَأَنَّ ٱللَّهَ هُوَ ٱلۡعَلِيُّ ٱلۡكَبِيرُ ﴿٦٢﴾

62. അതെന്തുകൊണ്ടെന്നാൽ അല്ലാഹു മാത്രമാകുന്നു നിത്യസത്യം. അവനെ കൂടാതെ അവർ പ്രാർഥിച്ചുകൊണ്ടിരിക്കുന്നതൊക്കെയും കേവലം മിഥ്യയാകുന്നു. അല്ലാഹു മാത്രമാകുന്നു അത്യുന്നതനും മഹനീയനും.

**62**

ذَٰلِكَ بِأَنَّ ٱللَّهَ = അതെന്തുകൊണ്ടെന്നാൽ അല്ലാഹു هُوَ ٱلۡحَقُّ = അവൻ മാത്രമാകുന്നു (നിത്യ) സത്യം

وَأَنَّ مَا يَدۡعُونَ مِن دُونِهِۦ = അവനെ കൂടാതെ അവർ പ്രാർഥിച്ചുകൊണ്ടിരിക്കുന്നത് (ഒക്കെയും)

هُوَ ٱلۡبَٰطِلُ = അത് (കേവലം) മിഥ്യയാകുന്നു

وَأَنَّ ٱللَّهَ هُوَ ٱلۡعَلِيُّ ٱلۡكَبِيرُ = തീർച്ചയായും അല്ലാഹു, അവൻ മാത്രമാകുന്നു അത്യുന്നതനും മഹനീയനും

**ഈ** സൂക്തം പറയുന്നത്, നേരത്തേ പറഞ്ഞ കാര്യങ്ങൾക്കുള്ള മറ്റൊരു കാരണമാണ്. അതായത്, നിരന്തരമായ പരിവർത്തനങ്ങളിലൂടെയും വൈരുധ്യങ്ങളുടെ സമന്വയത്തിലൂടെയും ഈ പ്രപഞ്ചം നിതാന്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് അതിന്റെ സ്രഷ്ടാവ് നിത്യസത്യം അഥവാ സാക്ഷാൽ ദൈവം അല്ലാഹു മാത്രമായതു കൊണ്ടാണ്. പ്രപഞ്ചത്തിനു പിന്നിൽ പല ഇച്ഛകളും അധികാര ശക്തികളും ഉണ്ടായിരുന്നുവെങ്കിൽ അത് ഈവിധം നിലനിൽക്കുമായിരുന്നില്ല. നിത്യ സത്യമായ അല്ലാഹുവല്ലാത്ത ആർക്കും യാതൊന്നും സൃഷ്ടിക്കാനോ നിലനിർത്താനോ കഴിയില്ല. കാരണം അവയൊന്നും സ്വയം ഉണ്ടായതോ നിലനിൽക്കുന്നതോ അല്ല. അല്ലാഹുവിനാൽ ഉണ്ടാക്കപ്പെട്ടതും നിലനിർത്തപ്പെടുന്നതുമാണ്. പ്രപഞ്ചത്തിന് പിന്നിൽ പ്രവർത്തിക്കുന്ന യഥാർഥ ശക്തിയും അധികാരവും അല്ലാഹുവിന്റേതു മാത്രമാണ്. അവനല്ലാത്ത സകലതും അവനെ ആശ്രയിച്ചു മാത്രം നിലനിൽക്കുന്നു. സ്വയം ഉളവാകാനും നിലനിൽക്കാനും കഴിയാത്ത വസ്തുക്കൾക്ക് എങ്ങനെയാണ് മറ്റുള്ളവയെ ഉളവാക്കാനും നിലനിർത്താനും കഴിയുക? അതിനാൽ അവനെ വെടിഞ്ഞ് ജനം പ്രാർഥിക്കുന്ന എല്ലാ ആരാധ്യരും മിഥ്യകളാകുന്നു. കേവലം ഭാവനാ സൃഷ്ടികൾ. അല്ലാഹു മാത്രമാണ് അത്യുന്നതവും അതിമഹനീയവുമായ അസ്തിത്വം. സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾക്കുള്ള അധികാരവും ശക്തിയും അവനു മാത്രമേയുള്ളൂ. മൂഢജനം ആരാധിച്ചുകൊണ്ടിരിക്കുന്ന, കല്ലുകൊണ്ടും മണ്ണുകൊണ്ടും നിർമിതമായ മൂർത്തികളും മറ്റു സൃഷ്ടികളും അല്ലാഹുവും തമ്മിൽ യാതൊരു താരതമ്യവുമില്ല. തങ്ങളെ ചിലർ ആരാധിക്കുന്നുണ്ടെന്ന് പോലും അറിയാനുള്ള കഴിവ് അവർക്കില്ല. ■

---

أَلَمۡ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءٗ فَتُصۡبِحُ ٱلۡأَرۡضُ مُخۡضَرَّةًۚ إِنَّ ٱللَّهَ لَطِيفٌ خَبِيرٞ ﴿٦٣﴾

63. അല്ലാഹു മാനത്ത് നിന്നു മഴയിറക്കിയതും അപ്പോൾ ഭൂമി ഹരിതാഭമാകുന്നതും നീ കണ്ടിട്ടില്ലെയോ? അല്ലാഹു തീർച്ചയായും അതിസൂക്ഷ്മനും അഗാധജ്ഞനുമാകുന്നു.

**63**

أَلَمْ تَرَ = നീ കണ്ടിട്ടില്ലേയോ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً = അല്ലാഹു മാനത്ത് നിന്ന് വെള്ളം(മഴ) ഇറക്കിയ(ക്കുന്ന)ത്

فَتُصْبِحُ ٱلْأَرْضُ = അപ്പോൾ ഭൂമി ആയിത്തീരുന്നതും مُخْضَرَّةً = ഹരിതാഭം

إِنَّ ٱللَّهَ لَطِيفٌ = തീർച്ചയായും അല്ലാഹു അതി സൂക്ഷ്മനാകുന്നു خَبِيرٌ = അഗാധജ്ഞനായ(വനും ആകുന്നു)

മനുഷ്യരെ പൊതുവിൽ സംബോധന ചെയ്യുമ്പോൾ ഖുർആൻ ചില സന്ദർഭങ്ങളിൽ ഏകവചനം ഉപയോഗിക്കാറുണ്ട്. തുടർന്ന് പറയുന്ന കാര്യം ഓരോ വ്യക്തിയും സഗൗരവം പരിഗണിക്കണം എന്നാണതിന്റെ താൽപര്യം. ഇവിടെ എല്ലാവരും സാധാരണ കണ്ടുകൊണ്ടിരിക്കുന്ന മഴയെയും തുടർന്ന് ഭൂമി സസ്യശ്യാമളമാകുന്നതിനെയും കുറിച്ച് أَلَمْ تَرَ (നീ കണ്ടിട്ടില്ലേയോ) എന്ന് ഏകവചനത്തിൽ ചോദിച്ചതിന്റെ താൽപര്യം ആ പ്രതിഭാസത്തെ സംബന്ധിച്ച് ഓരോരോ വ്യക്തിയും ആഴത്തിൽ ചിന്തിച്ചു നോക്കണമെന്നതാണ്. അല്ലാഹു സ്വന്തം ഗുണങ്ങളെ അനുസ്മരിപ്പിച്ച് കൊണ്ട് വിശ്വാസികൾക്കുള്ള സഹായ വാഗ്ദാനത്തെ ദൃഢീകരിച്ചിരിക്കുകയാണല്ലോ മുൻ സൂക്തത്തിൽ. ഈ സൂക്തത്തിൽ തന്റെ ഗുണങ്ങളോടൊപ്പം പ്രാപഞ്ചിക പ്രകൃതിയുടെ സാക്ഷ്യം കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. താൽപര്യമിതാണ്: നിലവിലുള്ള പ്രതികൂല സാഹചര്യം കണ്ട് ദൈവിക സഹായം വളരെ വിദൂരമായ സാധ്യതയാണെന്ന് കരുതേണ്ടതില്ല. അല്ലാഹുവിന്റെ കാര്യം എവിടെ എപ്പോൾ എങ്ങനെയാണ് നിറവേറ്റപ്പെടുകയെന്ന് അവനു മാത്രമേ കൃത്യമായി അറിയൂ. ഉണങ്ങിവരണ്ട് ശിലാസമാനം ഉറച്ചുകിടക്കുന്ന മണ്ണിനെ നോക്കുക. മുകളിൽ കാർമേഘങ്ങളില്ലാത്ത തെളിഞ്ഞ ആകാശം. അത് കണ്ട് ആ മണ്ണ് ജല സാന്നിധ്യത്താൽ തരളമാകുന്നതും അവിടം സസ്യശ്യാമളമാകുന്നതും വിദൂരമാണെന്ന് കരുതാമോ? എങ്ങുനിന്നോ അല്ലാഹു കാറ്റിനെ ഇളക്കി വിടുന്നു. അത് മഴമേഘങ്ങളെ കൂട്ടംകൂട്ടമായി തെളിച്ചുകൊണ്ടു വരുന്നു. നിമിഷനേരം കൊണ്ട് ആ മണ്ണ് സജലമാകുന്നു. പിന്നെ നോക്കിയിരിക്കെ അവിടം സസ്യലതാദികളാൽ പുഷ്കലമാകുന്നു. ഇതേ പ്രകാരം ബാഹ്യസാഹചര്യം എത്ര തന്നെ പ്രതികൂലമായിരുന്നാലും അല്ലാഹു ഉദ്ദേശിക്കുമ്പോൾ അവന്റെ അനുഗ്രഹ കാരുണ്യങ്ങളുടെ കാർമുകിൽകൂട്ടങ്ങളെ അവന്റെ ദാസന്മാർക്കു നേരെ കെട്ടഴിച്ചുവിടുകയും അവ മഴയായ് പെയ്തിറങ്ങുകയും ചെയ്യും.

ഇവിടെ അല്ലാഹുവിനെ لَطِيفٌ خَبِيرٌ എന്ന് വിശേഷിപ്പിച്ചതും ഏറെ അർഥഗർഭമാണ്. لطف-ൽ നിന്നുള്ള കർതൃപദമാണിത്. മൃദുലം, സൗമ്യം, കനിവ് എന്നും സൂക്ഷ്മം, ദുരൂഹമായ പ്രവർത്തനം എന്നും അർഥമുണ്ട്. രണ്ടർഥങ്ങളും ഇവിടെ ഉദ്ദേശ്യമാകാം. തികഞ്ഞ വൈദഗ്ധ്യവും ആഴക്കാഴ്ചയുമാണ് خبر. അതിൽ നിന്നുള്ള കർതൃപദം خبرة അതായത് അല്ലാഹുവിന്റെ പദ്ധതികൾ എങ്ങനെയാണ് നടപ്പിലാവുക എന്ന് ആർക്കും ഊഹിക്കാനാവില്ല. കാര്യങ്ങൾ ആഴത്തിൽ കാണുന്നവനും അതിവിദഗ്ധമായി ആസൂത്രണം ചെയ്യുന്നവനുമാണവൻ. ആളുകൾ പ്രത്യക്ഷമായതു മാത്രം കാണുന്നു. അതിനപ്പുറത്തുള്ളതെന്തെന്ന് അവർക്കറിയില്ല. അല്ലാഹുവാകട്ടെ രഹസ്യവും പരസ്യവും, ഭാവിയും വർത്തമാനവും ഭൂതവുമെല്ലാം ഒരുപോലെ അറിയുന്നു. ■

---

لَّهُۥ مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ ۗ وَإِنَّ ٱللَّهَ لَهُوَ ٱلْغَنِىُّ ٱلْحَمِيدُ ﴿٦٤﴾

64. വാന ലോകത്തും ഭൂലോകത്തുമുള്ളതൊക്കെയും അവന്റേതാകുന്നു. തീർച്ചയായും അല്ലാഹു തന്നിൽ തന്നെ എല്ലാം തികഞ്ഞവനും സ്തുതിയനുമാകുന്നു.

**64**

لَّهُۥ = അവന്റേതാകുന്നു مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ = വാനലോകത്തും ഭൂലോകത്തുമുള്ളതൊക്കെയും

وَإِنَّ ٱللَّهَ لَهُوَ ٱلْغَنِىُّ = തീർച്ചയായും അല്ലാഹു(തന്നിൽ തന്നെ) എല്ലാം തികഞ്ഞവൻ(പൂർണ സ്വയം പര്യാപ്തൻ) ആകുന്നു

ٱلْحَمِيدُ = സ്തുതിയനായ(നുമാകുന്നു)

മുകളിലെ സൂക്തത്തിന്റെ ആശയം ഒന്നുകൂടി ഊന്നിപ്പറയുകയാണീ സൂക്തം. പ്രപഞ്ചത്തിലുള്ളതൊക്കെയും അല്ലാഹുവിന്റേത്. അവന്റെ മാത്രം ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ളതും. അതിന്റെ സംവിധാനത്തിലും നടത്തിപ്പിലും മാറ്റാർക്കും ഒരു പങ്കുമില്ല. തന്നിൽ തന്നെ എല്ലാം തികഞ്ഞവനാണവൻ. ഒരു കാര്യത്തിലും ആരുടെയും ആശ്രയവും സഹായവും ആവശ്യമില്ല. തന്റെ കാര്യത്തിൽ കൈകടത്താൻ ആരെയും അനുവദിക്കുകയുമില്ല. എല്ലാ നിലയിലും സ്വയം പര്യാപ്തനായതോടൊപ്പം സ്തുതിയനുമാണവൻ. എന്നുവെച്ചാൽ തന്നിൽ തന്നെ എല്ലാം തികഞ്ഞിട്ടുള്ളതിനാൽ സൃഷ്ടികളുടെ കാര്യത്തിലൊന്നും ശ്രദ്ധയും താൽപര്യവുമില്ലാത്തവനല്ല. സ്വയം പര്യാപ്തതയോടൊപ്പം സ്തുത്യർഹമായ എല്ലാ ഗുണങ്ങളുടെയും കർമങ്ങളുടെയും ഉറവിടവും കൂടിയാണവൻ. അതുകൊണ്ട് സൃഷ്ടികൾക്കവനെ ആശ്രയിക്കാം. അവനിൽ പ്രതീക്ഷയർപ്പിക്കാം. അവന്റെ അനുഗ്രഹങ്ങൾ സദാ അവരിലേക്ക് ഒഴുകിക്കൊണ്ടിരിക്കും; അവർ അവനെ ആശ്രയിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തില്ലെങ്കിലും. തികച്ചും ഒറ്റപ്പെട്ടവനും അനാശ്രയനുമായിരിക്കെത്തന്നെ എല്ലാവർക്കും ആശ്രയം നൽകുന്നവനും കൂടെ നിൽക്കുന്നവനുമാണവൻ. حميد സ്വയം സ്തുത്യനാണ്. ആരും സ്തുതിച്ചാലും സ്തുതിച്ചില്ലെങ്കിലും അവന്റെ സ്തുതീയതക്ക് മാറ്റമുണ്ടാകുന്നില്ല. ■